**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3491** **15-02-2024 - ൽ മറുപടിയ്ക്ക്**

**മണൽ വാരൽ പുനരാരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. എ. കെ. എം. അഷ്‌റഫ്,<br>ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ നദികളിൽ നിന്നും മണൽ വാരുന്നത് പുനരാരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉണ്ട് |
| (ബി) | എങ്കിൽ ഏതെല്ലാം നദികളിൽ നിന്നും മണൽ വാരുന്നതിനാണ് ഉദ്ദേശിക്കുന്നത്; | (ബി) | 2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമ പ്രകാരം തയ്യാറാക്കിയ സാന്റ് ആഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 11 ജില്ലകളിലായി 17 നദികളിൽ മണൽ ലഭ്യത കണ്ടെത്തിയിട്ടുള്ളതാണ്. |
| (സി) | മണൽ വാരുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | സംസ്ഥാനത്തെ നദികളിൽ നിന്നുള്ള മണൽ നീക്കം നടത്തേണ്ടത് 2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായിട്ടാണ്. കൂടാതെ ദേശീയ ഹരിത ട്രൈബ്യൂണലിന്റെ വിവിധ വിധികളുടെ അടിസ്ഥാനത്തിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ, MOEF&CC യുടെ Sustainable Sand Mining Management Guidelines 2016, Enforcement and Monitoring Guidelines for Sand Mining 2020 എന്നിവ പ്രകാരവും തയ്യാറാക്കിയ District Survey Report -ന്റെ അടിസ്ഥാനത്തിൽ State Environment Impact Assessment Authority -ൽ നിന്നും പാരിസ്ഥിതിക അനുമതി ലഭ്യമായതിനുശേഷം ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാ വിദഗ്ധ സമിതി നിയമാനുസൃതമായുള്ള നടപടിക്രമങ്ങൾ സ്വീകരിച്ച് കടവ് കമ്മിറ്റികൾ മുഖാന്തിരം മണൽ ഖനനം നടത്തപ്പെടുന്നതാണ്. നദികളിലെ മണൽ ഖനനം ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ അടങ്ങിയ SOP (Standard Operating Procedure) യുടെ അന്തിമ രൂപം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച പ്രവൃത്തികൾ സർക്കാർ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ